**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 155</u> <u>22.03.2012 ൽ മറുപടിക്ക്</u>

<u>സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>,, വി. ചെന്താമരാക്ഷൻ<br>ശ്രീമതി കെ. കെ. ലതിക | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കേരളത്തിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ലൈംഗികാക്രമണങ്ങൾ, ബലാത്സംഗം എന്നിവയിലുണ്ടായിരിക്കുന്ന വർദ്ധന മുൻ വർഷത്തെ അപേക്ഷിച്ച് എത്ര ശതമാനമാണ്; | (എ) യും (ബി) യും ഉണ്ട്. ലൈംഗികാക്രമണങ്ങൾ, ബലാൽസംഗം എന്നിവയുമായി ബന്ധപ്പെട്ട് 2011-ൽ 1249 കേസുകളും 2012 ൽ 202 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച ആശങ്കകൾക്കൊന്നിനും പരിഹാരം കണ്ടെത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത്തരം ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളെ സജ്ജമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച ആശങ്കകൾക്ക് ഇടം നൽകാതെ അവ തടയുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. വനിതാ ഹെൽപ്പ് ലൈനുകളും ജാഗ്രതാ സമിതികളും രൂപീകരിച്ചും, സാമൂഹ്യക്ഷേമ വകുപ്പിന്റെയും. വിദ്യാഭ്യാസ വകുപ്പിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും, സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി വനിതാ കോൺസ്റ്റബിൾമാർ ഓരോ ഭവനങ്ങളും സന്ദർശിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. നിയമ സഹായത്തിനായി വരുന്ന സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസിന്റെ സഹായം ലഭ്യമാക്കുന്നുണ്ട്. ഇതിനായി വനിതാ റിസപ്ഷൻ ഡെസ്ക്ക്, |

വനിതാ ഹെൽപ്പ് ലൈൻ, വനിതാ സെൽ എന്നിവയുടെ സേവനങ്ങളും ഉപയോഗപ്പെടുത്തി വരുന്നു. സ്റ്റേഷനിൽ എത്തുന്ന സ്ത്രീകൾക്ക് സൗഹൃദാന്തരീക്ഷം ഒരുക്കുന്നതിനു വേണ്ടി 43 ജനമൈത്രി പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്. സ്ത്രീകൾക്ക് പരാതി രഹസ്യമായി നൽകുന്നതിന് പരാതി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ കേസെടുത്ത് എത്രയും വേഗം കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

സ്ത്രീകളെയും, കുട്ടികളെയും ഭിക്ഷാടനത്തിനും, വേശ്യാവൃത്തിയ്ക്കുമായി കടത്തികൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനും, നിയന്ത്രിക്കുന്നതിനുമായി Anti Human Trafficking Unit-കൾ (AHTU) സംസ്ഥാനത്ത് എല്ലാ ജില്ലാകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്ക്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നീ പദ്ധതികളുടെ ഭാഗമായി പെൺകുട്ടികളുടെയും, സ്ത്രീകളുടെയും സുരക്ഷ, മൊബൈൽഫോണുകളുടെ ദുരുപയോഗം തുടങ്ങിയ കാര്യങ്ങളിൽ വിശദമായ ബോധവത്ക്കരണം നടത്തി വരുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ പ്രത്യേക കാൾസെന്ററും ദ്രുത പ്രതികരണസേനയും (SWIFT Response Force) രൂപവൽക്കരിക്കുന്നുമുണ്ട്.

(ഡി) ട്രെയിനിലും വാഹനങ്ങളിലും മറ്റും യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

(ഡി) തീവണ്ടികളിലെ സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി 56 വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ അതാത് ജില്ലകളിലെ ലോക്കൽ പോലീസിനെ ട്രെയിനുകളിലെ സുരക്ഷാ ഡ്യൂട്ടിയ്ക്കായി കൂടുതലായി ഇപ്പോൾ നിയോഗിക്കുന്നുണ്ട്. കൂടാതെ പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാന

ത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നുണ്ട്. സ്ത്രീക ളുടെ കമ്പാർട്ട്മെന്റുകളിൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത തരത്തിൽ കർശന മായ സുരക്ഷ ഏർപ്പെടുത്തുവാൻ നിർദ്ദേ ശിച്ചിട്ടുണ്ട്. സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുമ്പോൾ പ്ലാറ്റ്ഫോമിലും ട്രെയി നിലും ഡ്യൂട്ടിയിലുള്ള മറ്റ് പോലീസുകാരും വനിതാ കമ്പാർട്ട്മെന്റിനു സമീപം വന്ന് പരിശോധന നടത്തുന്നുണ്ട്. കൂടാതെ മറ്റ് കമ്പാർട്ട്മെന്റുകളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി ജാഗ്രത യോടെ പ്രവർത്തിക്കാനായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി യിട്ടുണ്ട്. ഇതിനു പുറമെ വനിതാ ഹെൽപ്പ് ലൈൻ നമ്പർ പ്ലാറ്റ്ഫോമിലും ട്രെയിനുക ളിലും പ്രദർശിപ്പിക്കുന്നത് ഉൾപ്പെടെ അത്യാവശ്യ ഘട്ടങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സഹായം ആവശ്യപ്പെടുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരികയാണ്. കൂടാതെ റെയിൽവെ സ്റ്റേഷന് പുറമേയുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴിയും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരു ത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ